SCERT FULL MOCK TEST

Learn More

Join us on Telegram

10th PRELIMINARY : 2022

Learn More

1. ബ്രിട്ടീഷുകാർക്കെതിരെ ഒളിപ്പോർ നടത്തുവാൻ കേരളവർമ്മ പഴശ്ശിരാജയെ സഹായിച്ചവരെ തിരഞ്ഞെടുക്കുക.
   (i) ചെമ്പൻ പോക്കർ
   (ii) പാലിയത്തച്ഛൻ
   (iii) കൈതേരി അമ്പുനായർ
   (iv) എടച്ചേന കുങ്കൻ നായർ
   A) (i), (ii) & (iii)
   B) (i), (ii) & (iv)
   C) (i), (iii) & (iv)
   D) (i), (ii), (iii) & (iv)

2. ചുവടെ കൊടുത്തിട്ടുള്ളവയിൽ പഞ്ചശീലതത്വങ്ങളുടെ ഭാഗമായ സമീപനങ്ങൾ ഏതെല്ലാം ?
   (i) സമത്വവും പരസ്പരസഹായവും പുലർത്തുക.
   (ii) സമാധാനപരമായ സഹവർത്തിത്വം പാലിക്കുക.
   (iii) പരസ്പരം ആക്രമിക്കാതിരിക്കുക.
   (iv) ആഭ്യന്തര കാര്യങ്ങളിൽ പരസ്പരം ഇടപെടുക.
   A) (i), (ii) & (iii)
   B) (i), (ii), (iii) & (iv)
   C) (i), (iii) & (iv)
   D) (i), (ii) & (iv)

3. അമേരിക്കൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട സംഭവങ്ങൾ തിരഞ്ഞെടുക്കുക.
   (i) മെർക്കന്റലിസ്റ്റ് നിയമങ്ങൾ
   (ii) ടെന്നീസ് കോർട്ട് പ്രതിജ്ഞ
   (iii) കോണ്ടിനെന്റൽ കോൺഗ്രസ്സ്
   (iv) പാരീസ് ഉടമ്പടി
   A) (i), (iii) & (iv)
   B) (i) & (ii)
   C) (iii) & (iv)
   D) (i), (ii) & (iii)

4. ഫ്രാൻസിൽ ഉണ്ടായിരുന്ന മൂന്നാമത്തെ എസ്റ്റേറ്റിൽ ഉൾപ്പെട്ട വിഭാഗങ്ങൾ ഏതെല്ലാം ?
   (i) ബാങ്കർമാർ
   (ii) പ്രഭുക്കന്മാർ
   (iii) എഴുത്തുകാർ
   (iv) അഭിഭാഷകർ
   A) (iii) & (iv)
   B) (i), (iii) & (iv)
   C) (i), (ii), (iii) & (iv)
   D) (i), (ii) & (iii)

5. ശരിയായ ജോഡികൾ തിരഞ്ഞെടുക്കുക.

| **കലാപ സ്ഥലം** | | **നേതാക്കന്മാർ** |
|---|---|---|
| (i) ഝാൻസി | – | (a) റാണി ലക്ഷ്മീഭായി |
| (ii) ലഖ്നൗ | – | (b) ബീഗം ഹസ്രത്ത് മഹൽ |
| (iii) കാൺപൂർ | – | (c) നാനാസാഹേബ് |
| (iv) ഫൈസാബാദ് | – | (d) മൗലവി അഹമ്മദുള്ള |

   A) (i) – (a), (ii) – (c), (iii) – (d) & (iv) – (b)
   B) (i) – (c), (ii) – (d), (iii) – (a) & (iv) – (b)
   C) (i) – (a), (ii) – (b), (iii) – (c) & (iv) – (d)
   D) (i) – (d), (ii) – (a), (iii) – (b) & (iv) – (c)

6. പ്രശസ്തരുടെ സമാധിസ്ഥലങ്ങളിൽ ഉൾപ്പെടാത്തത് ഏത് ?
   A) രാജ്ഘട്ട്
   B) ശക്തിസ്ഥൽ
   C) വീർഭൂമി
   D) ശാന്തിനികേതൻ

7. 0° രേഖാംശ രേഖയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?
   (i) ഭൂമധ്യരേഖ എന്ന് വിളിക്കപ്പെടുന്നു.
   (ii) ഗ്രീനിച്ച് രേഖാംശം എന്നറിയപ്പെടുന്നു.
   (iii) അന്താരാഷ്ട്ര ദിനാങ്കരേഖ എന്നറിയപ്പെടുന്നു.
   (iv) പ്രൈം മെറിഡിയൻ എന്ന് വിളിക്കപ്പെടുന്നു.
   A) (i) & (iv)
   B) (i), (ii) & (iv)
   C) (i) & (iii)
   D) (ii) & (iv)

8. ഭൂമിയിലെ എല്ലാത്തരം ശിലകളുടെയും പൂർവ്വിക സ്ഥാനം ചുവടെ നൽകിയിട്ടുള്ളവയിൽ ഏതിനാണ് ?
   A) അവസാദ ശിലകൾ
   B) കായാന്തരിത ശിലകൾ
   C) ആഗ്നേയ ശിലകൾ
   D) ഇവയൊന്നുമല്ല

9. കാറ്റിന്റെ ചലനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ തിരഞ്ഞെടുക്കുക.
   (i) മർദചരിവ് മാനബലം
   (ii) കൊഹിഷൻ ബലം
   (iii) ഘർഷണ ബലം
   (iv) കൊറിയോലിസ് ബലം
   A) (i), (ii) & (iii)
   B) (i), (iii) & (iv)
   C) (ii) & (iii)
   D) (i) & (iv)

10. കൂട്ടത്തിൽ പെടാത്തത് തിരഞ്ഞെടുക്കുക.
   A) ബാരൻദ്വീപ്
   B) നെവാഷേവ
   C) ഹാൽഡിയ
   D) പാരാദ്വീപ്

11. പസഫിക് മഹാസമുദ്രവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക.
   (i) ഏറ്റവും ആഴം കൂടിയ സമുദ്രം.
   (ii) 'S' ആകൃതിയിൽ കാണപ്പെടുന്നു.
   (iii) ഭൗമോപരിതലത്തിന്റെ 1/6 ഭാഗം വിസ്തൃതിയുണ്ട്.
   (iv) അനേകായിരം ചെറുതും വലുതുമായ ദ്വീപുകൾ കാണപ്പെടുന്നു.
   A) (i), (ii), (iii) & (iv)
   B) (i), (ii) & (iv)
   C) (i) & (ii)
   D) (i) & (iv)

12. കിഴക്കൻ മലനിരകളിൽ ഉൾപ്പെടുന്ന കുന്നുകൾ ഏതെല്ലാം ?
   (i) പത്കായിബും
   (ii) ജയന്തിയ കുന്നുകൾ
   (iii) പശ്ചിമഘട്ടം
   (iv) പൂർവ്വഘട്ടം
   A) (i), (ii) & (iv)
   B) (i) & (ii)
   C) (iv) മാത്രം
   D) (ii) & (iv)

13. ഇന്ത്യയിലെ ഹരിത വിപ്ലവത്തിന്റെ പിതാവ്.
A) Dr. M.S. സ്വാമിനാഥൻ
B) Dr. അമർത്യസെൻ
C) രാജ്കൃഷ്ണ
D) മൊറാർജി ദേശായ്

14. 'ഗരീബി ഹഠാവോ' എന്ന മുദ്രവാക്യം ഏത് പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ടതാണ് ?
A) 1
B) 2
C) 5
D) 6

15. വികസനത്തിന്റെ L.P.G. മാതൃക ഇന്ത്യയിൽ കൊണ്ടുവന്ന ധനകാര്യമന്ത്രി.
A) കൃഷ്ണമാചാരി
B) യശ്വന്ത് സിൻഹ
C) Dr. മൻമോഹൻ സിങ്ങ്
D) P. ചിദംബരം

16. ഇന്ത്യയിലെ ധാതു വിഭവങ്ങളുടെ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികളാണ് താഴെ കൊടുത്തിരിക്കുന്നത്. ഇതിൽ ശരിയായ ജോടി ഏത് ?
(i) G. S. I. – ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ
(ii) O.N.G.C. – ഓയിൽ ആന്റ് നാച്ചുറൽ ഗ്യാസ് കമ്മീഷൻ
(iii) H. C. L. – ഹിന്ദുസ്ഥാൻ കോപ്പർ ലിമിറ്റഡ്
(iv) ഇവയെല്ലാം
A) (i)
B) (ii)
C) (iii)
D) (iv)

17. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത് ?
(i) സുസ്ഥിരവികസനം പരിസ്ഥിതി സൗഹാർദ്ദമാണ്.
(ii) കൽക്കരിയും പെട്രോളും പുതുക്കാൻ സാധിക്കുന്ന വിഭവങ്ങളാണ്.
(iii) ആഗോളതാപനം ഭൗമാന്തരീക്ഷത്തിലുള്ള താപവർദ്ധനയെ സൂചിപ്പിക്കുന്നു.
A) (i) & (iii)
B) (ii)
C) (i)
D) (ii) & (iii)

18. 2019-20 ൽ ഇന്ത്യയിലെ ദേശീയ വരുമാനത്തിലേക്കുള്ള പ്രാഥമിക മേഖലയുടെ സംഭാവന.
A) 15%
B) 16.5%
C) 10%
D) 20%

19. 2020-ലെ സാമ്പത്തികശാസ്ത്ര നോബൽ പുരസ്ക്കാര ജേതാക്കൾ.
A) പോൾ ആർ. മിൽഗ്രാം, റോബർട്ട് ബിവിൽസൺ
B) ഹാർവി ജെ. ആൾട്ടർ, മൈക്കിൾ ഹൗട്ടൻ
C) റെയ്നടഡ്ഗെൻസൽ
D) റോജർ പെൻറോസ്, ആൻഡ്രിയ ഗെസ്

20. ഒന്നാം പാർലമെന്റിലെ പ്രതിപക്ഷ നേതാവായിരുന്നു
A) ജയപ്രകാശ് നാരായൺ
B) ലാൽ ബഹദൂർ ശാസ്ത്രി
C) എ. കെ. ഗോപാലൻ
D) ഇതൊന്നുമല്ല

21. കേരളത്തിലെ തെക്കേയറ്റത്തെ നിയമസഭാ മണ്ഡലം.
A) കോവളം
B) നെയ്യാറ്റിൻകര
C) വർക്കല
D) പാറശ്ശാല

SCERT FULL MOCK TEST

Learn More

Join us on
Telegram

10th PRELIMINARY : 2022

Learn More

22. വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ ഓൺലൈൻ ക്ലാസ്സുകൾ സംപ്രേക്ഷണം ചെയ്യുന്നത്.
   A) വിക്ടേഴ്സ് ചാനൽ
   B) കൈരളി ചാനൽ
   C) മാതൃഭൂമി ചാനൽ
   D) കേരള വിഷൻ

23. ഭരണഘടനയുടെ 352-ാം വകുപ്പ് പ്രയോഗിക്കുന്നത്.
   A) സംസ്ഥാന ഗവൺമെന്റിനെ പിരിച്ചുവിടാൻ
   B) കേന്ദ്രഗവൺമെന്റിന് കടമെടുക്കുന്നതിന്
   C) അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ
   D) ഇതൊന്നുമല്ല

24. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി കാലുകൾ അണുവിമുക്തമാക്കുന്നതിന് 'സാനിമാറ്റ് ' എന്ന ഉല്പന്നം വികസിപ്പിച്ചെടുത്തത്.
   A) ബാംബു കോർപ്പറേഷൻ
   B) കേരള കശുവണ്ടി വികസന കോർപ്പറേഷൻ
   C) കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്
   D) കേരള കയർ കോർപ്പറേഷൻ

25. ശ്രീ നാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയുടെ ആദ്യ വൈസ് ചാൻസലർ.
   A) ഡോ. പി. എം. മുബാറക് പാഷ
   B) ഡോ. ആർ. ചന്ദ്രബാബു
   C) ഡോ. രാജശ്രീ എം. എസ്സ്.
   D) ഡോ. ധർമ്മരാജൻ പി. കെ.

26. സമാധാനപരമായി ആയുധമില്ലാതെ സംഘടിക്കുവാനുള്ള അവകാശമാണ്.
   A) സമത്വത്തിനുള്ള അവകാശം
   B) സ്വാതന്ത്ര്യത്തിനുള്ള അവകാശം
   C) ഭരണഘടനാപരമായ പരിഹാരത്തിനുള്ള അവകാശം
   D) ഇതൊന്നുമല്ല

27. ബാണാസുര സാഗർ ഡാം സ്ഥിതി ചെയ്യുന്നത്.
   A) ഇടുക്കി
   B) കാസർഗോഡ്
   C) പാലക്കാട്
   D) വയനാട്

28. വില്യം ലോഗൺ കമ്മീഷൻ കേരളത്തിലെ ഒരു കർഷക സമരത്തെ കുറിച്ച് പഠിക്കുവാൻ നിയോഗിക്കപ്പെട്ടതാണ്. ആ സമരമാണ്
   A) മലബാർ കർഷക സമരം
   B) പുന്നപ്ര വയലാർ സമരം
   C) കയ്യൂർ – ചീമേനി സമരം
   D) മൊറാഴ സമരം

29. പിന്നോക്ക വിഭാഗ പട്ടിക തയ്യാറാക്കാൻ അതത് സംസ്ഥാനങ്ങൾക്കുള്ള അധികാരം തിരിച്ചു നൽകുന്ന ഭരണഘടനാ ഭേദഗതിയാണ്
   A) 101-ാം ഭരണഘടനാ ഭേദഗതി
   B) 120-ാം ഭരണഘടനാ ഭേദഗതി
   C) 127-ാം ഭരണഘടനാ ഭേദഗതി
   D) 125-ാം ഭരണഘടനാ ഭേദഗതി

30. ഓൺലൈൻ പഠനത്തിന് കുടുംബശ്രീയുമായി ചേർന്ന് 'വിദ്യാശ്രീ' പദ്ധതി നടപ്പിലാക്കുന്നത്.
   A) വിദ്യാഭ്യാസ വകുപ്പ്
   B) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്
   C) സാംസ്കാരിക വകുപ്പ്
   D) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

31. ജസ്റ്റിസ് എൻ. വി. രമണ ഇപ്പോഴത്തെ
   A) ഹൈക്കോടതി ചീഫ് ജസ്റ്റിസ്
   B) അറ്റോർണി ജനറൽ
   C) സോളിസിറ്റർ ജനറൽ
   D) സുപ്രീംകോടതി ചീഫ് ജസ്റ്റിസ്

32. ഏറ്റവും നല്ല കർഷകന് കേരള സർക്കാർ നൽകുന്ന അവാർഡ്.
   A) കർഷകോത്തമ
   B) കേരളോത്തമ
   C) കർഷകശ്രീ
   D) കേരകേസരി

33. സ്റ്റേറ്റ് ലിസ്റ്റിൽ പെടുന്നതാണ്
   A) റെയിൽവേ
   B) കമ്പിത്തപാൽ
   C) പൊതുജനാരോഗ്യം
   D) ബാങ്കിംഗ്

34. അഡ്രിനൽ കോർട്ടക്സ് ഉൽപാദിപ്പിക്കുന്ന ഹോർമോണുകളുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായവ തെരഞ്ഞെടുക്കുക.
   (i) വൃക്കയിൽ പ്രവർത്തിച്ച് ശരീരത്തിലെ ലവണ-ജല സംതുലനാവസ്ഥ നിലനിർത്തുന്നു.
   (ii) കാൽസ്യത്തിന്റെ അളവ് ക്രമീകരിക്കുന്നു.
   (iii) ലൈംഗിക വളർച്ചയേയും ധർമ്മങ്ങളേയും നിയന്ത്രിക്കുന്നു.
   (iv) ദൈനംദിന പ്രവർത്തനങ്ങളുടെ താളക്രമം പാലിക്കുന്നു.
   A) ഒന്നും നാലും ശരി
   B) രണ്ടും നാലും ശരി
   C) ഒന്നും മൂന്നും ശരി
   D) രണ്ടും മൂന്നും ശരി

35. അയഡിൻ ചേർത്ത ഉപ്പ് നിർബന്ധമാക്കുക വഴി ഉൻമൂലനം ചെയ്യാനുദ്ദേശിച്ച അപര്യാപ്തതാ രോഗങ്ങൾ തെരഞ്ഞെടുക്കുക.
   (i) ക്രറ്റിനിസം
   (ii) സ്കർവി
   (iii) മിക്സഡിമ
   (iv) ഡിമെൻഷ്യ
   A) ഒന്നും രണ്ടും
   B) ഒന്നും മൂന്നും
   C) രണ്ടും നാലും
   D) രണ്ടും മൂന്നും

36. നാഷണൽ പാർക്കുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.
   (i) ആവാസവ്യവസ്ഥകളെ പരിരക്ഷിച്ചുകൊണ്ട് വന്യജീവികളുടെ വംശനാശം തടയുക.
   (ii) പൊതുജന പങ്കാളിത്തത്തോടെ ഒരു പ്രദേശം സംരക്ഷിക്കപ്പെടുക.
   (iii) വന്യജീവി സംരക്ഷണത്തോടൊപ്പം പ്രകൃതി വിഭവങ്ങളും ഭൗമ സവിശേഷതകളും സംരക്ഷിക്കുക.
   (iv) ഒരു മേഖലയിലെ ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുക.
   A) മൂന്നും നാലും ശരി
   B) ഒന്നും നാലും ശരി
   C) ഒന്നും രണ്ടും ശരി
   D) രണ്ടും മൂന്നും ശരി

37. എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം എന്ത് തരം രോഗാണു ആണ് ഉണ്ടാക്കുന്നത് ?

A) വൈറസ്
B) ഫംഗസ്
C) ബാക്ടീരിയ
D) പാരസൈറ്റ്

38. ആശാപ്രവർത്തകരുടെ യോഗ്യത ; ഇതിൽ തെറ്റായ പ്രസ്താവന തിരഞ്ഞെടുക്കുക.

A) പ്ലസ് 2 പാസ്സായിരിക്കണം.
B) അതെ പഞ്ചായത്തിലെ വ്യക്തി ആയിരിക്കണം.
C) ഒരു വനിത ആയിരിക്കണം.
D) 25-45 വയസ്സ് പ്രായപരിധിയിൽ ഉള്ള ആളാകണം.

39. ഫുഡ് & ഡ്രഗ് അഡ്മിനിസ്ട്രേഷൻ (എഫ്. ഡി. എ.) പൂർണ്ണ അംഗീകാരം കിട്ടിയ കോവിഡ് വാക്സിൻ ഏതാണ് ?

A) കോവാക്സിൻ
B) കോവിഷീൾഡ്
C) ഫൈസർ
D) മൊഡേണ

40. രക്തസമ്മർദ്ദത്തെപ്പറ്റി തെറ്റായ പ്രസ്താവന തിരഞ്ഞെടുക്കുക.

A) പുകവലി രക്തസമ്മർദ്ദം കൂട്ടും.
B) രക്തസമ്മർദ്ദം പരിശോധിക്കാൻ രക്ത സാമ്പിൾ ആവശ്യമില്ല.
C) ഉപ്പ് അധികം ഉപയോഗിക്കുന്നത് രക്തസമ്മർദ്ദം കൂടാൻ കാരണമാകില്ല.
D) രക്തസമ്മർദ്ദം വീട്ടിലിരുന്ന് പരിശോധിക്കാം.

41. കേരള സർക്കാറിന്റെ ആർദ്രം പദ്ധതിയെപ്പറ്റി തെറ്റായ പ്രസ്താവന തിരഞ്ഞെടുക്കുക.

A) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ കിടത്തി ചികിത്സ ആരംഭിക്കുക.
B) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആയി മാറ്റുക.
C) രോഗീ സൗഹൃദ ആശുപത്രി ആക്കുക.
D) മാതൃ-ശിശു സേവനങ്ങൾ ലഭ്യമാക്കുക.

42. ഏറ്റവും കൂടുതൽ വീക്ഷണവിസ്തൃതിയുള്ളത് ഏത് തരം ദർപ്പണങ്ങൾക്കാണ് ?

A) കോൺകേവ്
B) കോൺവെക്സ്
C) സമതലദർപ്പണം
D) ഇവയൊന്നുമല്ല

43. ചോക്ക് ഉപയോഗിച്ച് ബ്ലാക്ക് ബോർഡിൽ വരച്ചാൽ ചോക്കുകണങ്ങൾ ബ്ലാക്ക് ബോർഡിൽ പറ്റിപിടിക്കുന്നത് എന്തുകൊണ്ടാണ് ?

A) അഡ്ഹിഷൻ ബലം
B) കൊഹിഷൻ ബലം
C) വിസ്കസ് ബലം
D) പ്രതലബലം

44. 1000 kg മാസുള്ള കാറും 2000 kg മാസുള്ള ബസും ഒരേ പ്രവേഗത്തിൽ സഞ്ചരിക്കുന്നുവെങ്കിൽ ഏതിനാണ് ആക്കം കൂടുതൽ ?

A) ബസിന്റെയും കാറിന്റെയും ആക്കം തുല്യമായിരിക്കും
B) 1000 kg മാസുള്ള കാറിന്
C) 2000 kg മാസുള്ള ബസിന്
D) കൃത്യമായി പറയാൻ സാധിക്കില്ല

SCERT FULL MOCK TEST

Learn More

Join us on Telegram

10th PRELIMINARY : 2022

Learn More

45. അന്താരാഷ്ട്ര ആസ്ട്രോണമിക്കൽ യൂണിയൻ (IAU) ഏത് ഇന്ത്യൻ ഭൗതികശാസ്ത്രജ്ഞയുടെ പേരാണ് HD86081 എന്ന നക്ഷത്രത്തിന് നൽകിയത് ?
A) അർച്ചന ഭട്ടാചാര്യ
B) ഇന്ദ്രാണി ബോസ്
C) നീലിമ ഗുപ്ത
D) ബിഭ ചൗധരി

46. ഇന്ത്യയിൽ ന്യൂട്രിനോ ഒബ്സർവേറ്ററി പ്രോജക്ട് സ്ഥാപിക്കുന്നത് എവിടെയാണ് ?
A) വയനാട്
B) തേനി
C) ഹൈദരാബാദ്
D) തഞ്ചാവൂർ

47. ഒരു അക്വേറിയത്തിന്റെ ചുവട്ടിൽ നിന്നും ഉയരുന്ന വായുകുമിളയുടെ വലിപ്പം മുകളിലേയ്ക്ക് എത്തുംതോറും കൂടിവരുന്നു. ഇതുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത് ?
A) ബോയിൽ നിയമം – മർദ്ദം കുറയുകയും വ്യാപ്തം കൂടുകയും ചെയ്യുന്നു.
B) ചാൾസ് നിയമം – താപനില കൂടുകയും വ്യാപ്തം കൂടുകയും ചെയ്യുന്നു.
C) ബോയിൽ നിയമം – മർദ്ദം കൂടുകയും വ്യാപ്തം കൂടുകയും ചെയ്യുന്നു.
D) ചാൾസ് നിയമം – താപനില കുറയുകയും വ്യാപ്തം കുറയുകയും ചെയ്യുന്നു.

48. ഒരു മൂലകം ഏതെന്ന് നിർണയിക്കുന്നത് അതിന്റെ ഒരാറ്റത്തിലുള്ള ഏത് കണമാണ് ?
A) ന്യൂട്രോൺ
B) ഇലക്ട്രോൺ
C) പ്രോട്ടോൺ
D) മീസോണുകൾ

49. അലൂമിനിയത്തിന്റെ അയിരിന്റെ സാന്ദ്രീകരണത്തിന് ഉപയോഗിക്കുന്ന പ്രക്രിയയുടെ പേരെന്ത് ?
A) പ്ലവനപ്രക്രിയ
B) ലീച്ചിങ്
C) ജലപ്രവാഹത്തിൽ കഴുകിയെടുക്കുക
D) കാന്തികവിഭജനം

50. 2020-ൽ രസതന്ത്രത്തിനുള്ള നോബൽ സമ്മാനം ലഭിച്ചത് ഇവരിൽ ആർക്കാണ് ?
A) പോൾ R. മിൽഗ്രോവ്
B) ലൂയി ഗ്ലക്ക്
C) ആൻഡ്രിയ ഗെസ്
D) ജെന്നിഫർ ഡൗഡ്ന

51. ശാന്തിസ്വരൂപ് ഭട്നാഗർ അവാർഡ് നൽകുന്നത് ഏത് മേഖലയിൽ മികച്ച സംഭാവനകൾ നൽകുന്നവർക്കാണ് ?
A) ശാസ്ത്രം
B) കായികം
C) സാഹിത്യം
D) സംഗീതം

52. ടിപ്പുവിന്റെ പടയോട്ടം ചുമർചിത്രമായി ചിത്രണം ചെയ്തിട്ടുള്ള പള്ളി.
A) ചേപ്പാട് പള്ളി
B) കാഞ്ഞൂർ പള്ളി
C) കൊരട്ടി പള്ളി
D) അകപ്പറമ്പ് പള്ളി

53. 'ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ ?
ദിഗ്വിജയത്തിനെൻ സർഗ്ഗശക്തിയാ –
മിക്കുതിരയെ വിട്ടയയ്ക്കുന്നു ഞാൻ !'
വയലാർ രാമവർമയുടെ ഈ കാവ്യശകലം ഏത് കവിതയിൽ നിന്നാണ് ?
A) മുളങ്കാട്
B) തൂലികപ്പടയാളി
C) തീജ്വാലകൾ
D) അശ്വമേധം

54. ടോക്കിയോ ഒളിമ്പിക്സ് 2020. തെറ്റായ പ്രസ്താവന ഏത് ?
   A) ജാവലിൻ ത്രോയിൽ നീരജ് ചോപ്ര സ്വർണം നേടി.
   B) ഭാരോദ്വഹനത്തിലെ 49 കിലോഗ്രാം വിഭാഗത്തിൽ മീര ഭായ് ചാനു വെള്ളി മെഡൽ നേടി.
   C) പി. വി. സിന്ധുവാണ് ബാഡ്മിന്റണിൽ വെള്ളി നേടി തുടർച്ചയായ രണ്ട് ഒളിമ്പിക്സിൽ മെഡൽ സ്വന്തമാക്കുന്ന ആദ്യ ഇന്ത്യൻ വനിത കായിക താരം.
   D) ഡോ. ഫൈൻ സി. ദത്തനാണ് ബാഡ്മിന്റൺ മത്സരം നിയന്ത്രിക്കുന്നതിന് ഒളിമ്പിക്സ് അംപയർ പാനലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഏക ഇന്ത്യക്കാരനായ മലയാളി.

55. കോവിഡ് വാക്സിൻ 100% ജനങ്ങൾക്കും ലഭ്യമാക്കിയ ആദ്യ ഇന്ത്യൻ നഗരം ഏത് ?
   A) ചെന്നൈ
   B) മുംബൈ
   C) ഭുവനേശ്വർ
   D) കൊച്ചി

56. താഴെ തന്നിരിക്കുന്ന ജോടികളിൽ ഏതാണ് ശരിയല്ലാത്ത ജോടി ?
   A) ഗദ്ദിക – വയനാട്
   B) അർജ്ജുന നൃത്തം – കോട്ടയം
   C) കണ്യാർ കളി – പാലക്കാട്
   D) മാർഗംകളി – തിരുവനന്തപുരം

57. കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ 'തൃക്കോട്ടൂർ പെരുമ' ആരുടെ കൃതിയാണ് ?
   A) യു. എ. ഖാദർ
   B) ആർ. വിശ്വനാഥൻ
   C) സേതു
   D) എൻ. മോഹനൻ

58. അധ്യാപകർക്ക് കുട്ടികളുമായി നേരിട്ട് സംവദിക്കാനും സ്വകാര്യത ഉറപ്പാക്കാനും പൊതു വിദ്യാഭ്യാസ വകുപ്പ് സജ്ജമാക്കിയ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം.
   A) ആർ. സ്യൂട്ട്
   B) ജി. സ്യൂട്ട്
   C) ഫസ്റ്റ് ബെൽ. 1
   D) ഫസ്റ്റ് ബെൽ. 2

59. ഒരു Internet resource അഡ്രസ്സിനെ ____________ എന്ന് വിളിക്കുന്നു.
   A) URL
   B) SQL
   C) FTP
   D) HTML

60. MAC അഡ്രസ്സിൽ എത്ര അക്കങ്ങൾ ഉണ്ട് ?
   A) 8
   B) 10
   C) 12
   D) 14

61. തന്നിരിക്കുന്നവയിൽ ഏറ്റവും വേഗത കൂടിയ മെമ്മറി ഏതാണ് ?
   A) Hard disk
   B) RAM
   C) CD
   D) Cache

62. താഴെ തന്നിരിക്കുന്നവയിൽ ഫ്രീ സോഫ്റ്റ്‌വെയർ അല്ലാത്തത് ഏത് ?
   A) MySQL
   B) GIMP
   C) Windows
   D) Apache

63. Indian IT Act-2000 നിയമങ്ങളിൽ Cyber Terrorism ആയി ബന്ധപ്പെട്ട ശിക്ഷകൾ നിർവചിക്കപ്പെട്ടിരിക്കുന്നത് ഏത് സെക്ഷനിൽ ആണ് ?

A) 65
B) 66F
C) 67
D) 67A

64. 2005 ലെ വിവരാവകാശ നിയമപ്രകാരം, വിവരാവകാശ കമ്മീഷനിലെ കേന്ദ്ര അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള സമിതിയിൽ ഉൾപ്പെടാത്തത് ആരാണ് ?

A) പ്രധാനമന്ത്രി
B) ലോക്സഭയിലെ പ്രതിപക്ഷ നേതാവ്
C) ലോകസഭാ സ്പീക്കർ
D) പ്രധാനമന്ത്രി നിർദ്ദേശിക്കാവുന്ന ഒരു കേന്ദ്ര ക്യാബിനറ്റ് മന്ത്രി

65. ഉപഭോക്തൃ നിയമത്തിലെ ജില്ലാ ഉപഭോക്തൃ ഫോറവുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയിൽ ശരിയായ ഉത്തരം ഏത് ?

A) ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന് പ്രസിഡന്റും കൂടാതെ കുറഞ്ഞത് മൂന്ന് അംഗങ്ങളും ഉണ്ടാകണം.
B) ജില്ലാ ഉപഭോക്തൃ തർക്ക പരിഹാരത്തിന്റെ പ്രസിഡന്റിനെ നിയമിക്കുന്നത് രാഷ്ട്രപതിയുടെ ഉത്തരവ് പ്രകാരം ആണ്.
C) ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിലെ അംഗങ്ങളെ നിയമിക്കുന്നതിന് ഫോറം പ്രസിഡന്റിന്റെ ശുപാർശ ആവശ്യമാണ്.
D) ഇവയിൽ ഒന്നും ശരിയല്ല.

66. സ്ത്രീകൾക്ക് എതിരെയുള്ള ഗാർഹിക പീഡനത്തിൽ നിന്നും സംരക്ഷണം ലഭിക്കുന്നതിന് വേണ്ടിയുള്ള നിയമത്തിൽ ''പ്രൊട്ടക്ഷൻ ഓഫീസറെ'' നിയമിക്കുന്നതിന് അധികാരപ്പെടുത്തിയിരിക്കുന്നത് ആരാണ് ?

A) സംസ്ഥാന സർക്കാർ
B) കേന്ദ്ര സർക്കാർ
C) ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ഹൈക്കോടതി
D) ഇവരിൽ ആരും അല്ല

67. 2007 ലെ മാതാപിതാക്കൾക്കും മുതിർന്ന പൗരന്മാർക്കും സംരക്ഷണച്ചിലവിനും അഭിവൃദ്ധിക്കും വേണ്ടിയുള്ള നിയമം അനുസരിച്ച് വകുപ്പ് 7 പ്രകാരം രൂപീകരിക്കേണ്ട ട്രിബ്യൂണലുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയിൽ ശരിയായ ഉത്തരം ഏതാണ് ?

A) ട്രിബ്യൂണൽ രൂപീകരിക്കേണ്ടത് സംസ്ഥാന സർക്കാർ ആണ്.
B) ട്രിബ്യൂണലിന്റെ അദ്ധ്യക്ഷൻ സബ്ഡിവിഷണൽ ഓഫീസർ കുറയാത്ത പദവിയിൽ ഉള്ള ഉദ്യോഗസ്ഥൻ ആയിരിക്കണം.
C) മേൽപറഞ്ഞ ഉത്തരം 'A' യും 'B' യും ശരിയാണ്.
D) മേൽപറഞ്ഞ ഉത്തരം 'A' യും 'B' യും ശരിയല്ല.

68. ദേശീയ വനിതാ കമ്മീഷൻ നിയമപ്രകാരം അതിന്റെ കമ്മീഷൻ രൂപീകരണവുമായി താഴെ പറയുന്നവയിൽ ശരിയായ ഉത്തരം ഏതാണ് ?

A) കമ്മീഷൻ അദ്ധ്യക്ഷയെ നാമ നിർദ്ദേശം ചെയ്യേണ്ടത് കേന്ദ്ര ഗവൺമെന്റാണ്.

B) കമ്മീഷൻ അംഗങ്ങളിൽ പട്ടിക ജാതിയിൽ നിന്നും പട്ടിക വർഗ്ഗത്തിൽ നിന്നും ഉള്ള ഓരോ അംഗങ്ങൾ ഉണ്ടായിരിക്കണം.

C) കമ്മീഷന്റെ അംഗങ്ങളുടെ കാലാവധി മൂന്ന് വർഷം ആയിരിക്കും.

D) മേൽപറഞ്ഞ മൂന്ന് ഉത്തരങ്ങളും ശരിയാണ്.

69. ദേശീയ മനുഷ്യാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

A) കമ്മീഷൻ അംഗങ്ങളായി തിരഞ്ഞെടുക്കുന്നവർക്ക് കാലാവധി വ്യത്യാസമില്ലാതെ 70 വയസ്സ് വരെ ആ പദവിയിൽ തുടരാവുന്നതാണ്.

B) നിലവിൽ കമ്മീഷന്റെ അദ്ധ്യക്ഷൻ 2021ൽ നിയമിതനായ ജസ്റ്റീസ് അരുൺ കുമാർ മിശ്രയാണ്.

C) മേൽപറഞ്ഞവയിൽ 'A' യും 'B' യും ശരിയല്ല.

D) മേൽപറഞ്ഞവയിൽ 'A' യും 'B' യും ശരിയാണ്.

70. ലൈംഗികാതിക്രമങ്ങളിൽ നിന്നും കുട്ടികൾക്കുള്ള സംരക്ഷണം ലഭിക്കുന്നതിനുള്ള നിയമം അനുസരിച്ച് താഴെ പറയുന്ന രണ്ട് പ്രസ്താവനകൾ ശ്രദ്ധിച്ച ശേഷം ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

(i) ഈ നിയമം അനുസരിച്ചു കുട്ടികൾ എന്ന് ഉള്ളതിന് ആൺ-പെൺ വിത്യാസമില്ല.

(ii) പ്രായം സംബന്ധിച്ച് നിയമത്തിൽ പറഞ്ഞിരിക്കുന്ന നിർവ്വചന പ്രകാരം അത് '16' വയസ്സിൽ താഴെയായിരിക്കണം.

A) പ്രസ്താവനകളിൽ (i) ഉം (ii) ഉം ശരിയാണ്

B) പ്രസ്താവനകളിൽ (i) മാത്രം ശരിയാണ്

C) പ്രസ്താവനകളിൽ (ii) മാത്രം ശരിയാണ്

D) പ്രസ്താവനകളിൽ (i) ഉം (ii) ഉം ശരിയല്ല

71. 2, 6,10, ... എന്ന ശ്രേണിയുടെ അറുപത്തിയെട്ടാം പദവും എഴുപത്തിരണ്ടാം പദവും തമ്മിലുള്ള വ്യത്യാസം എത്രയാണ് ?

A) 4  B) 14  C) 16  D) 20

72. ചുവടെ നൽകിയിരിക്കുന്നവയിൽ ഏത് സമയം വരുമ്പോഴാണ് ഒരു ക്ലോക്കിലെ മണിക്കൂർ സൂചിയും മിനിറ്റ് സൂചിയും തമ്മിൽ 45 ഡിഗ്രി കോണളവ് വരുന്നത് ?

A) 3 : 15  B) 2 : 00  C) 8 : 40  D) 7 : 30

73. 3 : 54 ആയാൽ 5 : ___________

A) 150  B) 67  C) 100  D) 97

SCERT FULL MOCK TEST

Learn More

Join us on
Telegram

10th PRELIMINARY : 2022

Learn More

74. ഒരാൾ 30 മീറ്റർ കിഴക്കോട്ട് നടന്ന് വലതു വശത്തേക്ക് തിരിഞ്ഞ് 40 മീറ്റർ നടന്നു. വീണ്ടും വലതുവശത്തേക്ക് തിരിഞ്ഞ് 60 മീറ്റർ നടക്കുകയും തുടർന്ന് ഇടത്തേക്കു തിരിഞ്ഞ് 40 മീറ്റർ നടക്കുകയും ചെയ്തു. വീണ്ടും ഇടത്തേക്കു തിരിഞ്ഞു 30 മീറ്റർ നടന്നു. തുടർന്ന് 50 മീറ്റർ വടക്കു കിഴക്ക് ദിശയിൽ നടന്നു. ഇപ്പോൾ അയാൾ യാത്ര തുടങ്ങിയ സ്ഥലത്തുനിന്ന് എത്ര അകലത്തിലാണ് ?

A) 250 മീറ്റർ B) 50 മീറ്റർ C) 150 മീറ്റർ D) 100 മീറ്റർ

75. ഒരു കോഡ് ഭാഷയിൽ D = 32 ഉം G = 98 ഉം ആയാൽ ഈ ഭാഷയിൽ FACE എന്നത് എങ്ങനെ എഴുതാം ?

A) 4882450 B) 4882440
C) 7221850 D) 54102143

76. $\sqrt{(2^2)^2 + 2(2^{-1}) + (2^{10})^{\frac{1}{2}}} =$

A) 6 B) $\sqrt{20}$ C) $\sqrt{48}$ D) 7

77. ഒരാൾ അദ്ദേഹത്തിന്റെ കയ്യിൽ ഉണ്ടായിരുന്ന തുക പകുതി വീതം രണ്ട് ബാങ്കുകളിലായി നിക്ഷേപിച്ചു. ഒന്നാമത്തെ ബാങ്കിൽ സാധാരണ പലിശ നിരക്കിലും രണ്ടാമത്തെ ബാങ്കിൽ കൂട്ടുപലിശ നിരക്കിലുമാണ് നിക്ഷേപിച്ചത്. രണ്ടുവർഷം കഴിഞ്ഞ് പലിശ നോക്കിയപ്പോൾ ആദ്യത്തെ ബാങ്കിൽ 600 രൂപയും രണ്ടാമത്തെ ബാങ്കിൽ 618 രൂപയും ഉണ്ടായിരുന്നു. രണ്ട് ബാങ്കുകളിൽ നിന്നും മൂന്നു വർഷം കഴിയുമ്പോൾ അദ്ദേഹം പലിശ പിൻവലിച്ചാൽ പലിശയിൽ വരുന്ന വ്യത്യാസം എത്രയാണ് ?

A) 54.00 B) 36.00 C) 36.42 D) 55.08

78. ഒരു ബസ്സിൽ യാത്ര ചെയ്തിരുന്ന 21 പേരുടെ ശരാശരി ടിക്കറ്റ് നിരക്ക് 25 രൂപയായിരുന്നു. അടുത്ത സ്റ്റോപ്പിൽ ഒരാൾ ഇറങ്ങിയപ്പോൾ ബാക്കിയുള്ളവരുടെ ശരാശരി ടിക്കറ്റ് നിരക്ക് 25 രൂപ 40 പൈസയായി മാറിയെങ്കിൽ ഇറങ്ങിയ ആളുടെ ടിക്കറ്റ് നിരക്ക് എത്രയാണ് ?

A) 17 B) 25.20 C) 15.40 D) 23

79. ഒരു ഗ്രാം സ്വർണത്തിന് 4,500 രൂപ നിരക്കിൽ 10 ഗ്രാമിന്റെ ഒരു സ്വർണമോതിരം വാങ്ങിയപ്പോൾ വിലയുടെ 3% ജി. എസ്. ടി. യും 10% പണിക്കൂലിയും നൽകേണ്ടി വന്നു. കൂടാതെ പണിക്കൂലിയുടെ 5% ജി. എസ്. ടി. യും നൽകേണ്ടി വന്നു. അപ്പോൾ ഈ മോതിരത്തിന്റെ വില എത്രയാണ് ?

A) Rs. 50,850 B) Rs. 49,500 C) Rs. 51,075 D) Rs. 49,725

80. ആകെ വക്കുകളുടെ നീളം 36 സെന്റീമീറ്റർ ആയ ഒരു സമചതുരക്കട്ടയുടെ വ്യാപ്തം എത്രയാണ് ?

A) 64 B) 27 C) 81 D) 36

81. Read the following four parts of a sentence and rearrange them to make a meaningful sentence. Then identify which part should come second in the sentence.
A) in relationships with others
B) to be human
C) is to engage
D) and with the world

82. Identify the part of the given sentence which has a grammatical error in it.
A) I want to read and write
B) so that I can stop
C) having the shadow of others
D) No error

83. She would have reached here in time
A) if she has a scooter
B) if she had a scooter
C) if she has had a scooter
D) if she had had a scooter

84. Ishan asked her, "Why didn't you tell me ?" This sentence can be reported as
A) Ishan asked her why she hadn't told him.
B) Ishan asked her why didn't she tell him.
C) Ishan asked her why hadn't she told him.
D) Ishan asked her why she hasn't told him.

85. The captain as well as the players
A) were responsible for the failure
B) was responsible for the failure
C) are responsible for the failure
D) have been responsible for the failure

86. The __________ look on her face was really shocking.
A) virulent
B) vibe
C) vicissitude
D) virago

87. His ________ was that he was on board the train at the time of the crime.
A) impromptu
B) ergo
C) vice versa
D) alibi

88. He sat there for hours
A) on end
B) on hand
C) on the fly
D) on track

89. Her health has always been very <u>fragile</u>. Pick out the word that is similar in meaning to the underlined word.
A) fickle
B) facade
C) feeble
D) facile

90. He didn't think of the <u>unwelcome consequence</u> for his unwise action. Identify the single word that can replace the underlined words.
A) ratification
B) ramification
C) rectification
D) reification

91. പ്രതിഗ്രാഹികാ വിഭക്തിയുടെ പ്രത്യയം ഏത് ?

A) ഓട് B) ക്ക് C) ആൽ D) എ

92. വിൺ + തലം = വിണ്ടലം – ഏത് സന്ധി ?

A) ആഗമ സന്ധി
B) ലോപ സന്ധി
C) ആദേശ സന്ധി
D) ദ്വിത്വ സന്ധി

93. ശരിയായ രൂപമേത് ?

A) മനുഷ്യത്വം
B) മനുഷ്യത്തം
C) മനുഷ്യത്ത്വം
D) മനുഷ്യതം

94. 'അങ്ങാടിപ്പാട്ട്' എന്ന ശൈലിയുടെ അർത്ഥം ?

A) അങ്ങാടിയിലെ പാട്ട്
B) പരസ്യം
C) ഉച്ചത്തിൽ പാടുക
D) രഹസ്യം

95. അർത്ഥം എഴുതുക – അഹി

A) പക്ഷി B) മൃഗം C) പാമ്പ് D) തവള

96. ആനവാരി രാമൻ നായർ എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത്.

A) വൈക്കം മുഹമ്മദ് ബഷീർ
B) തകഴി
C) ഒ. വി. വിജയൻ
D) കേശവ് ദേവ്

97. ആഷാ മേനോൻ ആരുടെ തൂലികാനാമമാണ് ?

A) ശ്രീകുമാരൻ തമ്പി
B) കുമാരനാശാൻ
C) പി. സി. കുട്ടികൃഷ്ണൻ
D) കെ. ശ്രീകുമാർ

98. എം. ടി. വാസുദേവൻ നായർക്ക് വയലാർ അവാർഡ് നേടിക്കൊടുത്ത കൃതി.

A) അസുര വിത്ത്
B) രണ്ടാമൂഴം
C) കാലം
D) വാനപ്രസ്ഥം

99. Lion's share എന്നതിന് സമാനമായ മലയാള ശൈലി.

A) സിംഹാസനം
B) സിംഹ ഗർജനം
C) സിംഹ ഭാഗം
D) സിംഹ രാജാവ്

100. ഭാര്യ എന്ന പദത്തിന്റെ പര്യായം.

A) കളത്രം B) വിധവ C) മിത്രം D) വിഭാര്യൻ

**PROVISIONAL ANSWER KEY**
**Question Code: 110/2021**
**Medium of Question- Malayalam**

**Name of Post: Assistant Gr.II / Sergeant**
**Department: Kerala State Cashew Development Corpn. / Various Cat.No: 201/2019, 100/2019, 462/2019, 143/2021**

| Date of Test:11.11.2021 | | | |
|---|---|---|---|
| QUESTION BOOKLET ALPHACODE A | | | |
| Q No. | | Q. No. | |
| 1 | C | 51 | A |
| 2 | A | 52 | B |
| 3 | A | 53 | D |
| 4 | B | 54 | C |
| 5 | C | 55 | C |
| 6 | D | 56 | D |
| 7 | D | 57 | A |
| 8 | C | 58 | B |
| 9 | B | 59 | A |
| 10 | A | 60 | C |
| 11 | D | 61 | D |
| 12 | B | 62 | C |
| 13 | A | 63 | B |
| 14 | C | 64 | C |
| 15 | C | 65 | D |
| 16 | D | 66 | A |
| 17 | A | 67 | C |
| 18 | B | 68 | D |
| 19 | A | 69 | B |
| 20 | C | 70 | B |
| 21 | B | 71 | C |
| 22 | A | 72 | D |
| 23 | C | 73 | A |
| 24 | D | 74 | B |
| 25 | A | 75 | C |
| 26 | B | 76 | D |
| 27 | D | 77 | D |
| 28 | A | 78 | A |
| 29 | C | 79 | C |
| 30 | B | 80 | B |
| 31 | D | 81 | C |
| 32 | A | 82 | C |
| 33 | C | 83 | D |
| 34 | C | 84 | A |
| 35 | B | 85 | B |
| 36 | A | 86 | A |
| 37 | C | 87 | D |
| 38 | A | 88 | A |
| 39 | C | 89 | C |
| 40 | C | 90 | B |
| 41 | A | 91 | D |
| 42 | B | 92 | C |
| 43 | A | 93 | A |
| 44 | C | 94 | B |
| 45 | D | 95 | C |
| 46 | B | 96 | A |
| 47 | A | 97 | D |
| 48 | C | 98 | B |
| 49 | B | 99 | C |
| 50 | D | 100 | A |

SCERT FULL MOCK TEST

Learn More

Join us on Telegram

10th PRELIMINARY : 2022

Learn More